# 'കഥാനായകൻ' കാരിരുമ്പിന്റെ കരുത്തും കരിമ്പുനീരിന്റെ മാധുര്യവുമുള്ള, കാരൂർ സോമന്റെ നോവൽ

ഇൽയാസ് പാരിപ്പള്ളി

ഒറ്റയിരുപ്പിൽ അനായാസം വായിച്ചുതീർക്കാവുന്ന ഹൃദയ ദ്രവീകരണ സമർത്ഥമായ ഒരു അനുഭവമാണ്, അനുഭൂതിയാണ്, അതിലുമുപരി ആഹ്വാനമാണ്. ആത്മകഥാംശം തുടികൊട്ടി നിൽക്കുന്ന കഥാനായകൻ എന്ന നോവൽ. കൗമാരം മുതൽ കല്യാണം കഴിയുന്നതുവരെ എല്ലാറ്റിനോടും എല്ലാ രീതിയിലും പടവെട്ടി, വീടിനോടും നാടിനോടും അകളങ്കമായ ആത്മാർത്ഥതയോടെ പെരുമാറുന്ന ഇതിലെ 'കഥാനായകൻ'. കയ്പ്നീരിനെ കരിമ്പുനീരുമാക്കുന്ന ധീരോദാത്തനും അതിപ്രതാപവാനും നീതിനിയമങ്ങളുടെ കാവൽപ്പടയാളിയുമായ കാരൂർ കുടുംബാംഗമാണ്, കാരൂർ കൊച്ചുകുഞ്ഞിന്റെ പിൻതലമുറക്കാരനാണ്.




കാർഷികവൃത്തിയുടെ വൃത്തിയും വൃത്തിയില്ലായ്മയും കന്നുകാലികളോടുള്ള ആഭിമുഖ്യവും മാടനപൊയ്കയുടേയും മാടന്റേയും സന്തതസഹചാരിയായ സോമന്റെ ക്രമാനുഗതമായ ജീവിത വ്യാപാരങ്ങളും അതിലെ ലാഭനഷ്ടങ്ങളും മനസിൽ നിന്നും മായാത്ത രൂപത്തിൽ എണ്ണിയെണ്ണിപ്പറഞ്ഞു പോകുന്ന ഈ നോവൽ, ആ കഥാപാത്രത്തിന്, കഥാനായകന് അമിത പ്രാധാന്യം നൽകിയിരിക്കുന്നത് ഒരിക്കലും അസ്ഥാനത്തിലാക്കുന്നില്ല. അരുതായ്മകൾക്കെതിരെ നാടകത്തിലൂടെയും അല്ലാതെയും പ്രതികരിക്കുന്ന കഥാനായകനും അതിന്റെ ആസ്ഥാനമായ ലെപ്രസി സാനട്ടോറിയവും ജീവിച്ചിരിക്കുന്ന കഥാപാത്രങ്ങളെപ്പോലെയാണ്.

മാടനപ്പൊയ്കയുടെ പ്രതാപ പ്രഭാവത്തിൽത്തുടങ്ങി അസ്തമയത്തിൽ അവസാനിക്കുന്ന ഈ നോവലിന്റെ ഏറ്റവും വലിയ സവിശേഷത, തിന്മകൾക്കെതിരെ സന്ധിയില്ലാ സമരം നടത്താനുള്ള ആഹ്വാനമാണ്. അത് പക്ഷേ, ചിത്രീകരിച്ചപ്പോൾ കഥാനായക കഥാപാത്രത്തിന് നഷ്ടപ്പെടുത്തേണ്ടിവന്നത് സ്വന്തം സർഗ്ഗജീവിതാനന്ദമാണ്. ഒഴുക്കിനെതിരെ നീന്താൻ ഉള്ളുറപ്പുള്ള സോമൻ വ്യക്തിത്വമുള്ള കഥാപാത്രമാണ്. ജ്യേഷ്ഠനെ സഹായിക്കാൻ ഹോട്ടലിൽ ജോലിചെയ്യുമ്പോൾ മിശ്രയെന്ന ഗുണ്ടയെ തികച്ചും നിർഭയനായി നേരിട്ട് സിനിമയിലെ നായകനെപ്പോലെ വിരാജിക്കാൻ കഴിയുന്നത് കൈയടി നേടാൻ മാത്രമല്ല, ഇത്തരം കീടങ്ങളെ കൈകാര്യം ചെയ്യുന്നതിന്റെ പ്രാധാന്യം ജനസാമാമാന്യത്തിന് മനസ്സിലാക്കാൻ വേണ്ടി കൂടിയാണ്.

ഇതിനിടയിൽ ഇഷ്ടപ്പെട്ട പെൺകുട്ടിയെ ജീവിതസഖിയാക്കാനും, അതിന് വേണ്ടി വരുന്ന പ്രതിബന്ധങ്ങളെ തരണം ചെയ്യാനും സാധാരണ ചെറുപ്പക്കാരനെപ്പോലെ നായകന് കഴിയുന്നുണ്ട്.

പൊയ്പ്പോയ കാലത്തിന്റെ കയ്പ്പും ഇനിപ്പും കർഷക കുടുംബങ്ങളുടെ അരക്ഷിതാവസ്ഥയും, അതിന്റെ സമ്മർദ്ദത്തിൽ കുടുംബം പോറ്റാൻ ഗൃഹനാഥൻ ഇളയ കുട്ടികളോടെങ്കിലും അൽപം ക്രൂരമായി പെരുമാറുന്നതിന്റേയും ആത്മാർത്ഥമായ ചിത്രീകരണം ഈ നോവലിലും പ്രകടമായി കാണാൻ കഴിയുന്നുണ്ട്. വ്യക്തിത്വമുള്ള കഥാപാത്രങ്ങൾ, സംഘട്ടനരംഗങ്ങൾക്കെല്ലാം സ്വാഭാവികതയുടെ പരിവേഷം, അനിവാര്യതയുടെ സാന്നിദ്ധ്യം, കഥാനായക കഥാപാത്രത്തിന് ക്രമാനുഗതമായ വളർച്ച, മാനസികമായും ശാരീരികമായും നന്ദിയും നന്ദികേടും നാണവും നാണക്കേടും വിദ്യാഭ്യാസത്തിന്റെ ഉള്ളായ്മയും ഇല്ലായ്മയും പഠനവഴിയിൽ വിജയങ്ങൾ കൊയ്യുന്നതിന് മുന്നോടിയായി പാടം കൊയ്യുന്നതിലെ ഗുണപാഠം. ഇങ്ങനെ എന്തെല്ലമെന്തെല്ലാം കേവലം 148 പേജുകളിൽ കൃതവിസ്തനായ കാരൂർ സോമൻ ഒതുക്കിപറഞ്ഞിരിക്കുന്നു.



കാരൂർ സോമൻ

അനന്യമായ ആഖ്യാനപാടവവും, ആത്മാർത്ഥത, സൗന്ദര്യാത്മകത, ഇവ മന്നും സമഞ്ജസമായി സമ്മേളിച്ചതുകൊണ്ടാണ് ആത്മകഥയുടെ ആത്മാവ് തുടിക്കുന്ന ഈ നോവൽ സ്വാദിഷ്ടമായ പാരായണത്തിനുതകുന്നത്. പ്രസാധകർ അവകാശപ്പെടുന്നതുപോലെ അപൂർവ്വ വായനാനുഭവം പ്രദാനം ചെയ്യുന്നത്.

ചുരുക്കത്തിൽ, കഥാകാരനായ കാരൂർ സോമനേയും കഥാനായകനായ സോമനേയും കാരിരുമ്പിന്റെ ശക്തിയോടെ, കരിമ്പുനീരിന്റെ മാധുര്യത്തോടെ ഭാഷയിലേക്ക് ആവാഹിക്കാൻ കഥാനായകൻ എന്ന നോവലിലൂടെ പരിണതപ്രജ്ഞനായ, ലബ്ധപ്രതിഷ്ഠനായ കാരൂർ സോമനെന്ന നോവലിസ്റ്റിന് കഴിഞ്ഞിരിക്കുന്നു.

പ്രഭാത് ബുക്സാണ് പ്രസാധകർ. വില 110 രൂപ.

പുസ്തകവിചാരത്തിലേക്ക് പുസ്തകത്തിന്റെ രണ്ടുപ്രതികൾ അയയ്ക്കേണ്ടതാണ്.

[redacted]

# ദാമ്പത്യത്തിൽ സംശയം രോഗമാണോ?